LIBRARY ARCHIVES Kerala Legislative Assembly

കാപ്ഡെക് പദ്ധതിപ്രകാരം കിലയുടെ നേതൃത്വത്തിൽ നടത്തിയ പഠനം

108 (4543) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വിസ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി കാപ്ഡെക് എന്ന പദ്ധതി പ്രകാരം കിലയുടെ നേതൃത്വത്തിൽ ജോയിന്റ് പ്രോജക്റ്റ് കമ്മിറ്റി നടത്തിയ പഠനത്തിന്റേയും പരിശീലനത്തിന്റേയും ഫലമായി സംസ്ഥാനത്ത് ജനകീയാസൂത്രണത്തിന് എന്തെല്ലാം നേട്ടങ്ങളുണ്ടായെന്നും സംസ്ഥാനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അതുകൊണ്ട് എന്തെല്ലാം പ്രയോജനങ്ങളുണ്ടായെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

കേരളത്തിൽ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് പിന്തുണ നല്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി അവയുടെ കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് കാര്യപ്രാപ്തി സൃഷ്ടിക്കുകയും അധികാര വികേന്ദ്രീകരണത്തിന്റെ സങ്കല്പങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളും പരിപാടികളും വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതായിരുന്നു കാപ്ഡെക് പ്രോജക്ടിന്റെ ലക്ഷ്യം. ഈ ലക്ഷ്യം വലിയൊരളവു വരെ സഫലീകൃതമായിട്ടുണ്ട്.

കിലയിലെ ഫാക്കൽട്ടി അംഗങ്ങളുടെ യോഗ്യതകൾ

109 (4544) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-12-1999-ലെ ജി.ഒ.(എംഎസ്.) 58/99/പി.എൽ.ജി. എന്ന ഉത്തരവ് അനുസരിച്ച് കിലയിൽ അനുയോജ്യമായ ഫാക്കൽട്ടികൾ ഏർപ്പെടുത്തിയോ ; എങ്കിൽ അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ ;

(ബി) ഓരോ ഫാക്കൽട്ടിയുടേയും അംഗങ്ങൾ ആരായിരുന്നെന്നും അവരുടെ വിദ്യാഭ്യാസയോഗ്യത എന്തായിരുന്നുവെന്നും അവർക്ക് എന്ത് പ്രതിഫലം നൽകിയെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇതനുസരിച്ച് കിലയിൽ സപ്പോർട്ട് സ്റ്റാഫായി ആരെയെല്ലാമാണ് നിയമിച്ചതെന്നും അവരെ നിയമിച്ച സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഏർപ്പെടുത്തി. സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സപ്പോർട്ട് സ്റ്റാഫായി അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ പോസ്റ്റിൽ ഓരാളെ നിയമിച്ചു. സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയും പ്രകാരമാണ് :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ശ്രീ. അജിത് കുമാർ, ഐ.എ.എസ്., ഡയറക്ടർ, മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ.
2. ശ്രീ. ഉണ്ണീരിക്കുട്ടി, രജിസ്ട്രാർ, സി.ഡബ്ല്യൂ.ആർ.ഡി.എം., കോഴിക്കോട്
3. ഡോ. മൈക്കിൾ തരകൻ, കില.

കിലയിലെ ഫാക്കൽട്ടി

110 (4545) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-12-1999-ലെ ജി.ഒ.(എംഎസ്.) 58/99/പി.എൽ.ജി. എന്ന ഉത്തരവ് അനുസരിച്ച് കിലയിൽ എന്തെല്ലാം ഫാക്കൽട്ടികളും സ്റ്റാഫുമാണ് സാങ്ഷൻ ചെയ്തത് ;

(ബി) അതനുസരിച്ച് ഫാക്കൽട്ടികളും സ്റ്റാഫും നിയമിക്കപ്പെട്ടുവോ ;

(സി) എങ്കിൽ എപ്രകാരം എന്ന് വിശദീകരിക്കുമോ ;

(ഡി) ഇവരുടെ ഓരോരുത്തരുടെയും വിദ്യാഭ്യാസയോഗ്യത, പരിചയം, തെളിയിക്കപ്പെട്ട കഴിവ് എന്നിവയും, നിയമിക്കപ്പെട്ടവരുടെ പേരും മേൽവിലാസവും പ്രതിമാസ പ്രതിഫലവും കാണിക്കുന്ന സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) ഇവർ ഇപ്പോഴും കിലയിൽ തുടരുന്നുണ്ടോ ;

(എഫ്) ഇവരിൽ ആരുടെയെല്ലാം ചെലവുകളാണ് ഗവൺമെന്റ് വഹിക്കുന്നത് ;

(ജി) ഇപ്പോൾ ഈ പദ്ധതി കില വഴിയാണോ നടത്തപ്പെടുന്നത് ;

(എച്ച്) എങ്കിൽ എസ്.ഡി.സി.-യുടെ ഗ്രാന്റ് ഇപ്പോഴും ലഭിക്കുന്നുണ്ടോ ;

(ഐ) ഇല്ലെങ്കിൽ അവരെ പിരിച്ചുവിടാത്തതെന്തുകൊണ്ടെന്നു വിശദീകരിക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന തസ്തികകളാണ് അംഗീകരിച്ചിട്ടുള്ളത് :

1. ഫിനാൻഷ്യൽ അഡ്മിനിസ്ട്രേഷൻ എക്സ്പെർട്ട്
2. മാനേജ്മെന്റ് ആന്റ് അഡ്മിനിസ്ട്രേഷൻ എക്സ്പെർട്ട്
3. പെഡഗോഗി ആന്റ് അഡൽട്ട് ലേണിംഗ് എക്സ്പെർട്ട്
4. മെത്തഡോളജി എക്സ്പെർട്ട്
5. സോഷ്യൽ ഡവലപ്മെന്റ് എക്സ്പെർട്ട്
6. ഇൻഫർമേഷൻ ടെക്നോളജി എക്സ്പെർട്ട്

LIBRARY ARCHIVES Kerala Legislative Assembly